## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2440 | 05/02/2018-ൽ മറുപടിക്ക്

### മുടങ്ങികിടക്കുന്ന ജലവൈദ്യുത പദ്ധതികൾ

| | ചോദ്യം<br>ശ്രീ.പി.കെ. ശശി | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മുടങ്ങി കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ ഉൾപ്പെടെയുള്ള മറ്റ് വൈദ്യുത പദ്ധതികൾ ഏതെല്ലാമെന്നും ഇവയുടെ നിലവിലെ ഓരോന്നിന്റെയും സ്ഥിതി എന്താണെന്നും വിശദാംശം ലഭ്യമാക്കുമോ; | (എ), (ബി) & (സി) | സംസ്ഥാനത്ത് മുടങ്ങി കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ ഒന്നും തന്നെ ഇപ്പോൾ നിലവിലില്ല. മുടങ്ങിക്കിടന്നിരുന്ന ജല വൈദ്യുത പദ്ധതികളുടെയും, മറ്റ് ജലവൈദ്യുത പദ്ധതികളുടെയും നിലവിലെ സ്ഥിതികൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഇത്തരത്തിൽ മുടങ്ങി കിടക്കുന്ന പദ്ധതികളിൽ ഓരോന്നിനും നാളിതുവരെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; | | |
| (സി) | പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ചാൽ ഇവ ഓരോന്നിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി സംസ്ഥാനത്തിന് ലഭ്യമാക്കുവാൻ സാധിക്കുമെന്ന് വിശദമാക്കുമോ; | | |
| (ഡി) | മുടങ്ങി കിടക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിനായി ഓരോന്നിനും ഇനി എത്ര തുകയുടെ ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് വെളിപ്പെടുത്താമോ; | (ഡി) | ഇപ്പോൾ കെ.എസ്.ഇ.ബി. ഹൈഡൽ പദ്ധതികൾ ഒന്നും തന്നെ മുടങ്ങിക്കിടക്കുന്നില്ല. |
| (ഇ) | ഇത്തരത്തിൽ മുടങ്ങി കിടക്കുന്ന പദ്ധതികൾ പൂർത്തീകരിച്ച് നടപ്പിൽ വരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

21/10



## അനുബന്ധം-1

| I. | മുടങ്ങിക്കിടന്നിരുന്ന പദ്ധതികൾ | സ്ഥാപിതശേഷി MW/MU | പണി പൂർത്തിയാക്കിയ ശതമാനം | നിലവിലുള്ള അവസ്ഥ |
|---|---|---|---|---|
| 1 | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 MW/153.9 MU | 75% | 2015 മുതൽ മുടങ്ങിക്കിടന്നിരുന്ന പദ്ധതിയുടെ പണി 11.04.2017-ൽ ആരംഭിക്കുകയും ഭൂമി ശാസ്ത്രപരമായ കാരണങ്ങളാൽ അനു യോജ്യമായ പാറയുടെ അഭാവം മൂലവും, നിലവിലെ കരാറുകാരന് ഈ മേഖലയിൽ നിർമ്മാണ വൈദഗ്ധ്യം കുറവായതിനാലും, ഇൻടേക്ക്, ബാക്കി ടണൽ എന്നീ ഭാഗങ്ങൾ ഒർജിനൽ കരാറുകാരനിൽ നിന്നും എടുത്തു മാറ്റി പുതിയ കരാർ ഭൂമി – ബില്ലിയോൺ ജോയിന്റ് വെൻജറിന് 05.01.2018-ൽ നൽകുകയും പ്രാരംഭപണി 22.01.2018-ൽ ആരംഭിക്കുകയും ചെയ്തു. |
| 2 | തോട്ടിയാർ | 40 MW/99MU | 39.10% | 2015 മുതൽ മുടങ്ങിക്കിടന്നിരുന്ന പദ്ധതിയുടെ ബാക്കി സിവിൽ ജോലികൾ ടെണ്ടർ ചെയ്ത് വർക്കോർഡർ 05.01.2018-ൽ M/s. PRIL-SSIDPL കൺസോർഷ്യത്തിന് നൽകി. E&M ജോലിക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| 3 | ചാത്തൻകോട്ടുനട I I | 6MW/14.76 MU | 21% | 2015-ൽ മുടങ്ങിക്കിടന്നിരുന്ന പദ്ധതിയുടെ ബാക്കി സിവിൽ ജോലികൾ ടെണ്ടർ ചെയ്ത് വർക്കോർഡർ 25.10.2017-ൽ കെ.കെ. ബിൽഡേഴ്സ് കണ്ണൂരിന് കരാർ നൽകുകയും 09.11.2017-ൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. E&M വർക്കിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |

| II. മറ്റു പദ്ധതികൾ | | സ്ഥാപിതശേഷി (MW/MU) | പണി പൂർത്തിയാക്കിയ ശതമാനം | നിലവിലുള്ള അവസ്ഥ |
|---|---|---|---|---|
| 1 | കക്കയം | 3 MW/10.39 MU | 98% | ഈ പദ്ധതി മാർച്ച് 2015-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് |
| 2 | ഭൂതത്താൻകെട്ട് | 24 MW/83.5 MU | 62.6% | ഈ പദ്ധതി മാർച്ച് 2018 ഡിസംബറിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് |
| 3 | പൊരിങ്ങൽകുത്ത് | 24 MW/45.02 MU | 69.7% | ഈ പദ്ധതി മാർച്ച് 2018 ഡിസംബറിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് |
| 4 | ചെങ്കുളം ഓഗ്മെന്റേഷൻ | 85 MU | 61% | ഈ പദ്ധതി മാർച്ച് 2020 ഡിസംബറിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് |
| 5 | അപ്പർ കല്ലാർ | 2MW/5.14 MU | 15% | ഈ പദ്ധതി മാർച്ച് 2018-ൽ പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| 6 | പഴശ്ശിസാഗർ | 7.5 MW/25.16 MU | | പ്രാരംഭ പണികൾ തുടങ്ങി |
| | **ആകെ** | **60.5 MW** | | |